<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 7239</u>   <u>16/07/2012 -ൽ മറുപടിക്ക്</u>

## <u>ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ലാൻറ് ആൻറ് ഡിസാസ്റ്റർ മാനേജ്മെൻറിന്റെ പ്രവർത്തനം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റ്റി.എ.അഹമ്മദ് കബീർ**<br>**ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി**<br>**ശ്രീ.എം.ഉമ്മർ** | | **ശ്രീ. അടൂർ പ്രകാശ്**<br>**ബഹു.റവന്യൂവും കയറും വകുപ്പ് മന്ത്രി** |
| എ) | സംസ്ഥാനത്തെ റവന്യൂ- സർവ്വെ ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലനവും, ഇൻ സർവ്വീസ് ട്രെയിനിംഗും നൽകുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻറ് ആൻറ് ഡിസാസ്റ്റർ മാനേജ്മെൻറിന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | എ) | വിലയിരുത്താറുണ്ട്. റവന്യൂ വകുപ്പ് മന്ത്രി ചെയർമാനായുള്ള ഗവേണിംഗ് ബോഡിയും, ലാൻറ് റവന്യൂ കമ്മീഷണർ ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും കാലാകാലങ്ങളിൽ കൂടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻറ് ആൻറ് ഡിസാസ്റ്റർ മാനേജ്മെൻറിന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| ബി) | ഡിസാസ്റ്റർ മാനേജ്മെൻറിൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ഏതൊക്കെ തരത്തിലുള്ള പരിശീലനമാണ് നൽകിവരുന്നത് ; | ബി) | താഴെപ്പറയുന്ന വിഷയങ്ങളിലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻറ് ആൻറ് ഡിസാസ്റ്റർ മാനേജ്മെൻറിലെ ദുരന്തമാനേജ്മെൻറ് സെൻറർ പരിശീലനം നൽകി വരുന്നത്. 1)വെള്ളപ്പൊക്കനിയന്ത്രണവും ദുരീകരണ മാർഗ്ഗങ്ങളും 2) നഗരങ്ങളിലേയും കാടുകളിലേയും അഗ്നിബാധയും നിയന്ത്രണമാർഗ്ഗങ്ങളും 3) ടാങ്കർ ലോറി/റോഡ് അപകടങ്ങൾ മനുഷ്യപ്രേരിത ദുരന്തങ്ങളുടെ മാനേജ്മെൻറ് 4)ഉത്സവസംബന്ധമായ അപകടങ്ങൾ 5) മനുഷ്യപ്രേരിത റോഡ് /തീവണ്ടി/ വിമാന അപകടങ്ങൾ 6) പകർച്ച വ്യാധികൾ/രോഗാണു സംക്രമണം/ഭക്ഷ്യവിഷബാധ- ജൈവദുരന്ത നിവാരണം 7) ബോംബ് സ്ഫോടനം, തീവ്രവാദി ആക്രമണം, രാസദുരന്തം- ദുരന്തനിവാരണവും നിയന്ത്രണവും 8) റസിഡൻസ് അസോസിയേഷൻ - ദ്രുതകർമ്മസേനാംഗങ്ങൾ തുടങ്ങിയവർക്കുള്ള ദുരന്ത നിവാരണ പരിശീലനം 9)പാറ ഖനനവും മറ്റുമായി ബന്ധപ്പെട്ട പരിസ്ഥിതി ദുരന്തം 10) മാനസിക-സാമൂഹിക സംരക്ഷണത്തിലൂന്നിയ ദുരന്തനിവാരണം 11) ഭൂകമ്പ/ ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട ദുരന്ത പ്രതിരോധ കെട്ടിടനിർമ്മാണ പരിശീലനം 12) ജില്ല/ബ്ലോക്ക്/വില്ലേജ്തല ദുരന്തനിവാരണ പ്ലാൻ തയ്യാറാക്കൽ 13) ദുരന്തവും വികസനവും |

| | | | |
|---|---|---|---|
| | | | പരിശീലനക്ലാസ്സ് 14)സ്കൂൾ സുരക്ഷാ പദ്ധതികൾ, മോക്ക്ഡ്രിൽ തുടങ്ങിയവയിലുള്ള പരിശീലനം 15) ദുരന്തങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ വിലയിരുത്തലിലും പുനരധിവാസ മാനദണ്ഡത്തിലും ഉള്ള പരിശീലനം 16) മൈക്രോഫിനാൻസിങ്ങിലൂടെയും അതിജീവനത്തിലൂടെയുമുള്ള ദുരന്ത ലഘൂകരണം 17) ദേശീയ സംസ്ഥാന ദുരന്തനിവാരണ നയങ്ങളും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെയും പങ്കും, ഉത്തരവാദിത്വങ്ങളും 18) കെട്ടിടനിർമ്മാണ നിയമങ്ങളും ഭൂകമ്പങ്ങൾക്കെതിരായ മുൻകരുതലും പുനരധിവാസത്തിന്റെ ആവശ്യകതയും 19) ദുരന്തലഘൂകരണം-ശാസ്ത്രീയമുന്നറിയിപ്പും അവയുള്ള പങ്കും 20) ദുരന്തനിവാരണ മുൻകരുതലും ദുരന്തനിവാരണപദ്ധതി തയ്യാറാക്കലും 21) ദുരന്ത നിവാരണ ആക്ട്, പോളിസി എന്നിവയിലുള്ള പരിശീലനം 22)നൂതനസാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രകൃതി ദുരന്ത മുന്നറിയിപ്പുകൾ 23) സമൂഹാധിഷ്ഠിത ദുരന്തലഘൂകരണം. |
| സി | ദുരന്തങ്ങൾ നേരിടുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ വിശദമാക്കുമോ ? | സി | എല്ലാ ദുരന്തങ്ങൾക്കുമായി ഒരു പൊതു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസിജിയർ തയ്യാറാക്കുക എന്നത് പ്രായോഗികമല്ല. വിപുലമായ ഫീൽഡ് വർക്കും, വിവരശേഖരണവും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസിജീയർ തയ്യാറാക്കുന്നതിന് ആവശ്യമായതിനാൽ എല്ലാ ദുരന്തങ്ങൾക്കുമുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസിജീയർ തയ്യാറാക്കുക എന്നതും അപ്രായോഗികമാണ്. കേരളത്തിലെ പ്രധാന ഉത്സവങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ സാദ്ധ്യതയുള്ള അപകടങ്ങൾ കൈകാര്യം ചെയ്യുവാനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസിജീയർ, രാസദുരന്തങ്ങൾ നേരിടുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസിജീയർ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടിയാണ് ഈ സാമ്പത്തിക വർഷം സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ